
little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
നവ വാത്മീകം
01 01 01
01 01 01
save trees
be digital
ഡിജിറ്റൽ മാഗസിൻ
AMHSS THIRURKAD
2018-19

# നവ വാത്മീകം

## എ.എം.എച്ച്.എസ്.എസ്

## തിരൂർക്കാടിന്റെ പ്രഥമ ഇ-മാഗസിൻ സംരഭം

# അവതരണം

**ലിറ്റിൽ കൈറ്റ്സ്**
**എ.എം.എച്ച്.എസ്.എസ് തിരൂർക്കാട്**

# ലിറ്റിൽകൈറ്റ്സ് സ്കൂൾതല നിർവഹണസമിതി

| | |
|---|---|
| ചെയർമാൻ | : റഫീഖ് കുറ്റീരി(പി.ടി.എ പ്രസിഡന്റ്) |
| കൺവീനർ | : സലീം തയ്യിൽ കാരത്തൊടി(ഹെഡ് മാസ്റ്റർ) |
| വൈസ് ചെയർമാൻ | : ബഷീർ(പി.ടി.എ വൈസ് പ്രസിഡന്റ് |
| ജോയിന്റ് കൺവീനർമാർ | : ഷാഹിന.എം(എസ്.ഐ.ടി.സി) |
| | : മുഷീറ ഷംല സി.എച്ച്(കൈറ്റ് മിസ്ട്രസ്) |
| സാങ്കേതിക ഉപദേഷ്ടാവ് | : പ്രദീപ്.പി ആർ |
| കുട്ടികളുടെ പ്രതിനിധികൾ | : നിഹാൽ.എം(ലിറ്റിൽ കൈറ്റ്സ് ലീഡർ) |
| | : മുബീൻ (ലിറ്റിൽ കൈറ്റ്സ് അംഗം) |
| | : ഷിനോസ്.കെ (ലിറ്റിൽ കൈറ്റ്സ് അംഗം) |
| | : ജസീം (സ്കൂൾ ലീഡർ) |
| | : ആകാശ് (ഡെപ്യൂട്ടി ലീഡർ) |

# പത്രാധിപ സമിതി

*മുഖ്യപത്രാധിപർ : സലീം തയ്യിൽകാരത്തൊടി(ഹെഡ് മാസ്റ്റർ)

: റംല കെ.ടി (ഡെപ്യൂട്ടി എച്ച്.എം)

*സ്റ്റാഫ് എഡിറ്റർ : ഷാഹിന എം(കൈറ്റ് മിസ്ട്രസ്)

*സ്റ്റുഡന്റ് എഡിറ്റർ : മുബീൻ അഹമ്മദ് എം.സി.സി

* തോമസ് സ്കറിയ(സീനിയർ അസിസ്റ്റന്റ്)

* മുശീറ ഷംല സി.എച്ച്(കൈറ്റ് മിസ്ട്രസ്)

* അബ്ദുൽ അസീസ് പി(സ്റ്റാഫ് സെക്രട്ടറി)

* നിഹാൽ കെ (കൈറ്റ് ലീഡർ)

* ഹൈഫ ഷിബിന

# സന്ദേശം



**-സലീം തയ്യിൽ കാരതൊടി(ഹെഡ് മാസ്റ്റർ)-**

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു. കുട്ടികളുടെ സർഗ രചനകൾ ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധികരിക്കുന്നത് മാറുന്ന കാലത്തിനൊപ്പം നടക്കാനുള്ള**

**വിദ്യാലയത്തിന്റെ പ്രാപ്തിയാണ് സൂചിപ്പിക്കുന്നത്. അണിയറ ശിൽപ്പികളായ വിദ്യാർത്ഥികൾ, പ്രചോദനമേകിയ അദ്ധ്യാപകർ ...**

**എല്ലാവരെയും ആശംസയും സന്തോഷവും അറിയിക്കുന്നു.**

# സന്ദേശം



തോമസ് സ്കറിയ.സി
എച്ച്.എസ്.എ മാത്തമാറ്റിക്സ്

45 വയസുള്ള നിങ്ങളുടെ ഒരു അദ്ധ്യാപകൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ആദ്യമായി ടി.വി എന്താണ് എന്ന് കാണുന്നു. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ കമ്പ്യൂട്ടർ എന്ത് എന്ന് ചിത്രങ്ങളിലൂടെ,പുസ്തകത്താളുകളിലൂടെ അറിയുന്നു. അന്ന് ലാൻഡ് ഫോണുകൾ തന്നെ വിരളം. പിന്നെയല്ലേ മൊബൈൽ ഫോൺ.

ഇന്ന്, പ്രിയ കുട്ടികളെ നിങ്ങളുടെ ഈ യുഗത്തിൽ കാലം മാറി,കഥ മാറി, കമ്പ്യൂട്ടറുകൾ നിങ്ങളുടെ കളിക്കൂട്ടുകാരായി മാറി. ഓരോ ക്ലാസ് മുറികളിൽ ആധുനിക സംവിധാനങ്ങളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു.

അടുത്ത ഒരു പത്തു വർഷം ഈ മേഖലയിൽ സംഭവിക്കാവുന്ന മാറ്റങ്ങൾ നമുക്ക് ഊഹിക്കാവുന്നതിൽ അധികമാണ്.

മാറുന്ന യുഗത്തിൽ,മികവാർന്ന പ്രകടനം കാഴ്ചവെക്കാൻ കൊച്ചു മിടുക്കന്മാർക്കും മിടുക്കികൾക്കും സാധ്യമാവട്ടെ.

# സന്ദേശം



ശ്രീഗീത ടീച്ചർ(എച്ച്.എസ്.എ മലയാളം)

നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' നേത്രൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ എല്ലാ വിധ ആശംസകളും അറിയിക്കുന്നു. കേരള ഗവൺമെന്റിന്റെ നൂതന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ നൂതന മാതൃകയാണ് ഇതെല്ലാം. ഇതിന് വേണ്ടി പരിശ്രമിക്കുന്ന അദ്ധ്യാപകർക്കും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ മിടുക്കരായ വിദ്യാർത്ഥികൾക്കും എല്ലാവിധ അഭിനന്ദനങ്ങളും അറിയിക്കുന്നു.

# ആമുഖം

വാത്മീകങ്ങളിൽ ഉരുകിയ മനസുകളിൽ നിന്നാണ് പുതിയ ആശയങ്ങളും,സർഗാത്മകമായ ചിന്തകളും ഉരുത്തിരിഞ്ഞു വന്നത് എന്ന് കേൾവി.മാനിഷാദ മുതൽ പലതും പ്രകൃതിയെയും ജീവനെയും രക്ഷിക്കാനുള്ള സന്ദേശങ്ങളായിരിന്നു.ഇന്നും കുട്ടികൾ ഞങ്ങൾ ആ വഴിയിലൂടെ മനസ്സുകൊണ്ട് യാത്ര തുടരുന്നു.പ്രകൃതിയുടെ സ്നേഹ സമ്മാനമായ മരങ്ങളെ രക്ഷിക്കാൻ കടലാസിന്റെ ഉപയോഗം പരമാവധി കുറച്ചു ഡിജിറ്റൽ സംസ്കാരത്തിലേക്ക് വരാം എന്നുള്ള ചിന്തയിൽനിന്നുരുത്തിരിഞ്ഞ ഈ മാഗസിൻ ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ

നവ വാത്മീകമെന്നപേരിൽ ഇതാ.........

എഡിറ്റർ

എ.എം.എച്ച്.എസ്എസ്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# പത്രാധിപ സമിതി



## താളുകളിലൂടെ


.....2
നവ വാത്മീകം.....2
എ.എം.എച്ച്.എസ്.എസ് തിരൂർക്കാടിന്റെ പ്രഥമ ഇ-മാഗസിൻ സംരഭം.....2
അവതരണം.....3
ലിറ്റിൽകൈറ്റ്സ് സ്കൂൾതല നിർവഹണസമിതി.....4
പത്രാധിപ സമിതി.....5
സന്ദേശം.....6
സന്ദേശം.....7
സന്ദേശം.....8
ആമുഖം.....9
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.....10
പത്രാധിപ സമിതി.....11
മഹാവിപ്ലവത്തിന്റെ അനിവാര്യത.....13
2017-18 ൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ.....16
വയോജന ദിനത്തിൽ JRC വിദ്യാർത്ഥികൾ.....17
പുഞ്ചിരി സെൽഫി.....18
തിരിച്ചുവരാത്ത ഇന്നലെകൾ.....25
മൃഗസ്നേഹം.....28
പുസ്തകമേള.....30
ദി ആൽകെമിസ്റ്റ്.....31
ഇവർ എ.എം.എച്ച്.എസ്.എസിന്റെ മിന്നും താരങ്ങൾ.....33
നിഴലുകൾ.....35
വയർ.....36
ഏകാന്ത ചിന്ത.....39
വിടരും മുമ്പേ കൊഴിഞ്ഞ പൂമൊട്ട്.....40
പ്രകൃതി ദുരന്തം.....42
ചാറ്റൽ മഴ.....44
മാതൃസ്നേഹം.....46
ലിറ്റിൽ കൈറ്റ്സ് അനിമേഷൻ പരിശീലനത്തിൽ നിന്ന്.....48
രാജുവും വിനുവും.....49

# മഹാവിപ്ലവത്തിന്റെ അനിവാര്യത

**ലേഖനം** -ഹനാൻ.പി 9-A

ഈ ഭൂമി എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതാണ്,നീതിയ്ക്ക് മുന്നിൽ എല്ലാവരും തുല്യരാണ് ,ഇങ്ങനെ ഒരുപാടു വാചകങ്ങൾ നാം ദർശിച്ചിട്ടുണ്ട് .വാസ്തവത്തിൽ ഇത്തരത്തിലുള്ള നിയമങ്ങളെല്ലാം സമ്പൂർണമായി നിലകൊള്ളുന്ന ഒരു ലോകത്താണോ നാം വസിക്കുന്നത്? ഒരിക്കലുമല്ല ,കാരണം ,മേല്പറഞ്ഞ നിയമങ്ങളെല്ലാം സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്ന അവസ്ഥയിലാണ് ഭൂമി കറങ്ങുന്നത്."സ്ത്രീയുടെ ഉയർച്ച"എന്ന വാക്ക് കേൾക്കുമ്പോഴേ മുഖം ചുവക്കുന്നവർ ധാരാളമുണ്ട്.ലോകം വളരെയേറെ വികസിച്ചുവെങ്കിലും,സ്ത്രീ ശാക്തീകരണത്തിന്റെ കാര്യത്തിൽ ഇനിയും ഒരുപാടു കടമ്പകൾ കടക്കേണ്ടതുണ്ട്.

പ്രശസ്ത എഴുത്തുകാരി ശ്രീമതി :"സാറ ജോസഫ്" തന്റെ ഉള്ളിൽ പുകഞ്ഞു കിടക്കുന്ന ആത്മരോഷങ്ങളും ആകുലതകളും ഒരു പുസ്തക രൂപേണ ഇറക്കിയിട്ടുണ്ട്.ആ പുസ്തത്തിലെ ഓരോ വാക്കിനും സൂര്യന്റെ കത്തിയെരിയുന്ന തീ ജ്വാലയേക്കാൾ മൂർച്ചയുണ്ട്,അർത്ഥമുണ്ട്,അവരുടെ ഉള്ളിൽ ആഴ്ന്ന് കിടക്കുന്ന പ്രതിഷേധത്തിന് അതിരുകളില്ല എന്നതിന്റെ സൂചനയായിരിക്കാം മേല്പറഞ്ഞ പ്രസ്താവന.ഒരു സാധാരണ സ്ത്രീയെ സംബന്ധിച്ചിടത്തോളം അടുക്കള എന്ന നാല് ചുമരിനുള്ളിൽ ആണ് അവരുടെ ജീവിതം കുടികൊള്ളുന്നത്. അവിടെ വിളമ്പുന്ന നീതിബോധത്തിൽ

നിന്നുമായിരിക്കും അവരുടെ ഉള്ളിലെ

ധാർക്ഷണികത ഉടലെടുക്കുക .അത്തരത്തിലുള്ള ഒരു സ്ത്രീ

പുരുഷാധിപത്യത്തിനെതിരെയുള്ള കണ്ണുകളിലൂടെയേ ലോകത്തെ നോക്കി

കാണുകയുള്ളൂ. മനുഷ്യനെ മാത്രമല്ല പ്രകൃതിയെയും പുരുക്ഷന്മാർ ചൂഷണം ചെയ്യുന്നുണ്ട്. പുരുഷന്റെ അധികാരം അവർ ദുരുപയോഗം

ചെയ്യുകയാണ്. അവരുടെ അതിരു കടന്ന അധികാരം സ്ത്രീകൾക്കും സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിൽ കിടക്കുന്നവർക്കുമെതിരെ പ്രയോഗിച്ചു, അല്ലെങ്കിൽ അവർക്കു മേൽ അധിനിവേശം നടത്തി,അവരൊഴിച്ചു മറ്റുള്ളവരെയെല്ലാം അവരുടെ ചൊല്പടിക്കനുസരിച്ചു അവരുടെ കാൽ ക്കീഴിലാക്കി മാറ്റുകയാണ്. ഇപ്പോഴും,എപ്പോഴും നിലനിൽക്കുന്നതും ഈ അധികാര വ്യവസ്ഥ തന്നെയാണ്.സ്ത്രീകളെ അടിച്ചമർത്തുക എന്നതാണ്

പുരുഷന്റെ മുദ്രാവാക്യം. ലിംഗ സമത്വത്തിന്റെ പ്രസക്തി എവിടെ

നിന്നാണ് ആരംഭിക്കേണ്ടത്. "സ്ത്രീയ്ക്കും പുരുഷനും തുല്യ അവകാശം"എന്നത് പ്ലക്കാർഡുകളിലും,പോസ്റ്ററുകളിലും മാത്രം മുഖവുരയിട്ടു കാണിക്കേണ്ടതില്ല. അവ പ്രാവർത്തികമാക്കാനുള്ളതാണ്. ആ നിയമം പ്രാബല്യത്തിൽ വന്നാലേ, പുരുഷന്റെ അതിരില്ലാത്ത

അഹങ്കാരത്തിനു ഇത്തിരിയെങ്കിലും മാറ്റം വരുത്താൻ കഴിയുകയുള്ളൂ.ഒരു

മഹാവിപ്ലവത്തിന്റെ തന്നെ അനിവാര്യത ഇവിടെ കാണാൻ

കഴിയുന്നുണ്ട്.കാരണം,പുരുഷൻ സ്ത്രീയെ അടിച്ചമർത്താൻ

എത്രത്തോളം ശ്രമിക്കുന്നുണ്ടോ,അതിന്റെ ഇരട്ടിയുടെ ഇരട്ടി അതിൽ

നിന്നും തരണം ചെയ്യാനായി സ്ത്രീയും പരിശ്രമിക്കുന്നുണ്ട്.പുരുഷന്റെ

കൈവിട്ട അധികാരത്തിൽ നിന്നും മോചനം നേടി വിജയം

കൈവരിച്ചവരാണ് പല സ്ത്രീകളും. അവരാണ് യഥാർത്ഥ

സ്ത്രീകൾ. അതിനുള്ള ഉത്തമ ഉദാഹരണങ്ങളാണ് ഇന്ത്യയുടെ പ്രഥമ

വനിതാ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി,ഇപ്പോഴത്തെ ജർമൻ വൈസ്

ചാൻസലർ ആംഗല മെർക്കൽ. ഇന്ദിരാഗാന്ധി ഭാരതത്തിന്റെ ഉരുക്ക

വനിതയാണെങ്കിൽ,ആംഗല മെർക്കൽ ലോകത്തിലെ ഏറ്റവും

ശക്തയായ വനിതയാണ്. സ്ത്രീകളെ ബഹുമാനിക്കുക മാത്രമല്ല അവരെ

ഉയരാൻ അനുവദിക്കുക കൂടി ചെയ്യണം പുരുഷന്മാർ. സ്ത്രീ എന്നും

അടുക്കളയിൽ "ഹൈഡ്രോക്ലോറിക് ആസിഡ്"

ഉല്പാദിപ്പിക്കേണ്ടവളല്ല. ലോകത്തിന്റെ അറ്റമില്ലാത്ത

ഉയരങ്ങളിലെത്താൻ അവൾക്കും അവകാശമുണ്ട്.ഉയരങ്ങളിലെത്താൻ

ഒരുപാട്ട കാര്യങ്ങൾ തടസമായി വരും,അതിലേറ്റവും പ്രധാനപ്പെട്ടത്

"പുരുഷൻ" എന്ന അടിച്ചമർത്തൽ യന്ത്രമാണ്.ആദ്യം അതിനെ

അടിച്ചമർത്തുക,എന്നാലെ സ്ത്രീ ശാക്തീകരണം എന്നത് വെറും

വാക്കുകളില്ലാതെ പ്രകൃതിയിൽ കാണാനാകു.സ്ത്രീകളെ അടിച്ചമർത്തുക

എന്നതാണ് പുരുഷന്റെ മുദ്രാവാക്യമെങ്കിൽ "പുരുഷാധിപത്യത്തിനെതിരെ
പോരാടുക"എന്നതാവട്ടെ സ്ത്രീകളുടെ

മുദ്രാവാക്യം,കാലങ്ങളായി നിലനിൽക്കുന്നതും ഇപ്പോഴും

നിലനിൽക്കുന്നതുമായ ആ അനാചാരത്തെ ഭസ്മമാക്കിയാലേ "സ്ത്രീക്ക്"

ഒരു ഉയർത്തെഴുന്നേൽപ്പ് ഉണ്ടാവുകയുള്ളു.

# 2017-18 ൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ



# അറബിക് കയ്യെഴുത്ത് മാഗസിൻ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി




# വയോജന ദിനത്തിൽ

# JRC വിദ്യാർത്ഥികൾ.......





# പുഞ്ചിരി സെൽഫി



കേരള ബ്ലാസ്റ്റേഴ്സ് അക്കാദമി ഉദ്ഘാടകൻ മൂസ ഇബ്രാഹീം

# ദേശിയ ഏകീകരണവും സ്ത്രീ ശാക്തീകരണവും

<u>ഉപന്യാസം</u>

-സ്വയ്ബ സാദിഖ്- 9-A

വൈവിധ്യങ്ങളുടെ ഒരു ശിലയാണ് നമ്മുടെ ഭാരതം. വ്യത്യസ്ത ജനങ്ങൾ,വ്യത്യസ്ത സംസ്കാരങ്ങൾ,ഭാഷകൾ,മതങ്ങൾ,ആചാരങ്ങൾ,എന്നാൽ ഐക്യത്തിന്റെ പൊതു ബോധം പണിയുവാൻ സഹായിച്ചത് "നമ്മുടെ രാജ്യം"എന്ന വികാരമാണ്. നമ്മളെല്ലാവരും ഇന്ത്യക്കാരാണ്.ഇതാകുന്നു നമ്മുടെ ദേശിയതിരിച്ചറിയൽ. സാമൂഹ്യ സാംസ്കാരികത, പ്രാദേശികത, മതേതരം, ഭാഷാശാസ്ത്രപരം,സാമ്പത്തിക വൈവിധ്യങ്ങൾ എന്നിവ ഒന്നും പരിഗണിക്കാതെ വരുമ്പോൾ നാം പൂർണ്ണ ഇന്ത്യൻ പൗരന്മാരായി മാറുന്നു. ഈ തിരിച്ചറിവ് ഐക്യവും,ഐക്യദാർഢ്യവും നിലനിർത്തുന്ന ഒരു പ്രേരണാശക്തിയാണ്. ഇതിനെ നാം ദേശിയ ഏകീകരണം എന്ന് പൊതുവായി വിളിക്കുന്നു. ഒരു മുന്നണിയുടെ ഈ മനോഭാവം പരിരക്ഷിക്കുവാനും, കാത്തുസൂക്ഷിക്കാനും നമ്മുടെ നിലവാരത്തെ മികച്ച നിലയിൽ നിലനിർത്തുവാനായും പരിശ്രമിക്കണം. കാരണം,ഐക്യമാർന്നതും,ശക്തിയുള്ളതുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുവാൻ ഈ ഏകബോധം അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ സെൻസെസ് പ്രകാരം 48.5 % ഇന്ത്യൻ ജനതയും സ്ത്രീകളാണ്. അതിനാൽ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾക്ക്

വലിയപങ്കുണ്ട്.

ഇതു സ്ത്രീകളുടെ ശാക്തീകരണം അനിവാര്യമാകുന്നു. ദേശിയ

ഏകീകരണത്തിനായുള്ള സ്ത്രീയുടെ പങ്കു ഒരു അമ്മയിൽ നിന്നും

തുടങ്ങുന്നു. തങ്ങളുടെ കുട്ടികളുടെ മനസ്സിൽ ദേശാഭിമാനത സൃഷ്ടിക്കുവാനും

പൗരോഹിത്യനിയമത്തിനു കീഴ്പെടുവാനും അവരെ സഹായിക്കുന്ന

ഓരോ അമ്മയിൽ നിന്നുമാണ് ഒരു രാഷ്ട്രത്തിന്റെ ഏകീകരണം

തുടങ്ങുന്നത്.ഒരു ഐക്യമാർന്ന ദേശം കെട്ടിപ്പടുക്കുന്നതിൽ ഒരു അദ്ധ്യാപകന് വലിയ പങ്കുണ്ട്. ഒരു അദ്ധ്യാപകന് തന്റെ

വിദ്യാർത്ഥികൾക്ക് ഒരു മാതൃകയാണ് കണക്കാക്കുന്നത്. സാമൂഹിക

പ്രവർത്തകരായും,രാഷ്ട്രീയനേതാക്കളായും സ്ത്രീകൾക്ക് ദേശിയ

ഏകീകരണത്തിന്റെ ഭാഗമാകാം. ഇന്ദിരാ ഗാന്ധിയുടെയും മദർ

തെരേസയുടെയും പോലെയുള്ള മഹത് വ്യക്തികൾ എന്നും ഈ ഭാരതത്തിനൊരു പ്രചോദനമാകുന്നു. ശക്തമായ ഒരു സമൂഹവും, അതിശക്തമായ ഒരു രാഷ്ട്രവും കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾക്ക് നിർണായകമായ പങ്കുണ്ടെന്നും അവരെ ഈ കർത്തവ്യം നിർവ്വഹിക്കുവാനായി മുന്നോട്ടു കൊണ്ട് വരുവാൻ, സ്ത്രീ ശാക്തീകരണം ജീവിതമുടനീളം അത്യന്താപേക്ഷിതമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.


# ജില്ലാതല അത്‌ലറ്റിക്ക് മീറ്റ് ഹൈജമ്പിൽ മീറ്റ് റെക്കോഡോടെ ഒന്നാം സ്ഥാനം നേടിയ ഷിഫ ഷെറിൻ



# വൈലോപ്പിള്ളിയുടെ മായാലോകം

ലേഖനം

സിദ്ദാൻ 9.ഐ



വൈലോപ്പിള്ളി എന്നത് മലയാളത്തിന്റെ വിശ്വവിഖ്യാതന്മാരായ

എഴുത്തുകാരിൽ ഒരാളാണ്.വൈലോപ്പിള്ളി ഒരു കവിതകൊണ്ട് ഒരു

കാലാവസ്ഥ സൃഷ്ടിച്ച കവിയാണ്.പിണക്കത്തിൽ നിന്ന് ഇണക്കങ്ങളും

ചവർപ്പിൽ നിന്നും മാധുര്യവും മരണത്തിൽ നിന്ന് ജീവിതവും

മാറ്റിയെടുത്ത കവിയാണ് അദ്ദേഹം ഒരു കവിത കൊണ്ട് ഒരു

കാലാവസ്ഥ സൃഷ്ട്ടിച്ചവർ അധികമില്ല.അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തകൃതി "മാമ്പഴം"തന്നെ അതിനു ഒരു ഉദാഹരണമാണ്.മാമ്പഴത്തിൽ

പൂങ്കുല ഒടിച്ചതിന് മകനെ തല്ലുന്നു. പിന്നെ അവൻ മരിക്കുകയും

ചെയ്യുന്നു. എന്നിട്ട് അമ്മ അവന്റെ കുഴിമാടത്തുചെന്ന് മാമ്പഴം വെച്ച്

കരയുന്നു അങ്ങനത്തെ ഹൃദയ സ്തംഭനമായ കവിതകൾ എഴുതിയ ഒരു

ഉചിതമായ പച്ച മനുഷ്യനാണ്  വൈലോപ്പിള്ളി. വൈലോപ്പിള്ളിയുടെ

കാവ്യദർശനവും ജീവിത ദർശനവും കൊണ്ട് തന്നെ അദ്ദേഹത്തെ

ഉൾകൊള്ളാൻ എല്ലാ ആളുകൾക്കും കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ

കവിതയിൽ പ്രബോധകത്വം ഉണ്ട്. കാണുന്ന കിനാവല്ല വിസ്തരിക്കുന്ന സ്വപ്നമാണ് വൈലോപ്പിള്ളി കവിത. അദ്ദേഹം വികാരങ്ങളുടെ കവിയല്ല മറിച്ചു തന്നെ കടിച്ചു പറിച്ച അനുഭവങ്ങളിൽ നിന്ന് തത്വചിന്തയും ദർശനവും രൂപപ്പെടുത്തിയ ആളാണ് വൈലോപ്പിള്ളി. പ്രകൃതിയിൽ മനുഷ്യൻ ചെയ്യുന്ന ക്രൂരത വൈലോപ്പിള്ളി ഉയർത്തി പറഞ്ഞു. വ്യത്യസ്ത ജനുസിൽപ്പെട്ട കവിയാണ് അദ്ദേഹം അവതരിപ്പിക്കുന്നത് മനസിന്റെ ഉള്ളാഴങ്ങളിലേക്ക് കടക്കുന്ന തരം അത്ര ആത്മാർത്ഥതയുള്ള കവിയാണ് വൈലോപ്പിള്ളി. അദ്ദേഹം ഓർമ്മകളുടെ കവിയാണ്. വെറ്റില ചവയ്ക്കുന്നതുപോലെ ഓർമകളുടെ സുഗന്ധത്തിൽ കുളിച്ചാണ് അദ്ദേഹം കവിത എഴുതുന്നത്. അദ്ദേഹം ഒരു സാംസ്കാരിക ചിന്തകൻ കൂടിയായിരുന്നു.

# അവാർഡ് ദാനം



**മൈസൂർ സർവ്വകലാശാലയിൽ നിന്നു ഡോക്ടറേറ്റ് നേടിയ ശംസുദ്ദീൻ തിരൂർക്കാടിനെ കെ.എസ്.ടി.യു മങ്കട സബ് ജില്ലയുടെ ആഭിമുഖ്യത്തിൽ ടി.എ അഹമ്മദ് കബീർ എം.എൽ.എ ആദരിക്കുന്നു.**

# തിരിച്ചുവരാത്ത ഇന്നലെകൾ

ലേഖനം - ആദിൽ 9-ഐ

നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടമെന്താണെന്നു വെച്ചാൽ തിരിച്ചുവരാത്ത ഇന്നലെകളാണ്. ആ ദിവസമാണ് തിരിച്ചുവന്നിരുന്നുവെങ്കിൽ എന്ന് കൊതിക്കാത്ത ഒരാളെപ്പോലും നമ്മുക്ക് ഈ ലോകത്തു കാണാൻ കഴിയില്ല.ഈ നഷ്ടങ്ങളിൽ പെട്ട ഒന്നാണ് സ്കൂൾ ജീവിതം സ്കൂൾജീവിതകാലത്തു നമുക്ക് വലിയ ആനന്ദമൊന്നും തോന്നിയില്ലെങ്കിലും സ്കൂൾജീവിതത്തിനു ശേഷം ആ കാലമൊന്നു തിരിച്ചു കിട്ടിയെങ്കിൽ എന്ന് കൊതിക്കാത്തതായി ആരുമില്ല. സ്കൂൾ മുറ്റത്തു ഉങ്ങുമരത്തിന്റെ ചുവട്ടിലിരുന്നു സൊറ പറഞ്ഞതെല്ലാം ഇപ്പോൾ ഓർക്കുമ്പോൾ ഒരു വല്ലാത്ത വിങ്ങലാണ്. സൊറ പറഞ്ഞതു മാത്രമല്ല,പഠിക്കാത്തതിന്റെ പേരിൽ ടീച്ചർ ചൂരൽ വീശിയെല്ലാം,കൂട്ടുകാരുമായി തല്ലു കൂടിയതും .അങ്ങനെ പറഞ്ഞാൽ തീരാത്ത ഒരുപാടു കാര്യങ്ങൾ നമ്മൾ ശരിക്കും തിരിച്ചു വരാൻ ആഗ്രഹിക്കുന്നു. ഭാവിയിൽ ഞാനും ഒരു വട്ടം കൊതിച്ചേക്കും, ഈ കാലത്തിനു വേണ്ടി.



## സുബ്രതോ കപ്പ് ജേതാക്കൾ




## കായിക അംഗങ്ങൾ

# മൃഗസ്നേഹം

**കഥ** -ദിൽഷ വി.പി- 9-ബി

ഒരു ഗ്രാമത്തിൽ രണ്ടു സഹോദരങ്ങൾ ജീവിച്ചിരുന്നു. അവർക്കു വളർത്തു മൃഗങ്ങൾ ഉണ്ടായിരുന്നു. ഒരു പൂച്ചയും ഒരു പട്ടിയും. മൂത്ത സഹോദരൻഅവന്റെ വളർത്തുമൃഗങ്ങളെ പൊന്നു പോലെയാണ് നോക്കിയിരുന്നത്. എന്നാൽ ഇളയ സഹോദരൻ അവന്റെ വളർത്തുമൃഗങ്ങളെ എന്നും ശിക്ഷിക്കുമായിരുന്നു. ഒരിക്കൽ രണ്ടു



കള്ളന്മാർ അവരുടെ രണ്ടുപേരുടെയും വീടുകൾ മോഷ്ടിക്കാൻ ഇറങ്ങി. ഇളയ സഹോദരന്റെ വീട്ടിലായിരുന്നു ആദ്യം മോഷണം നടത്തിയിരുന്നത്. അവിടെ ചെന്നപ്പോൾ കള്ളന്മാർ രണ്ടു വളർത്തുമൃഗങ്ങളെ കണ്ടു. അവർ അമ്പരന്നുപോയി. പക്ഷേ ആ മൃഗങ്ങൾ അവരെ ഒന്നും ചെയ്തില്ല. അവർ അവിടെ നിന്ന് മോഷണം നടത്തി മൂത്ത സഹോദരന്റെ വീട്ടിലേക്കു പോയി. അവിടെയെത്തിയപ്പോൾ അവിടെയും അവർ രണ്ടു വളർത്തുമൃഗങ്ങളെ കണ്ടു.അവർ മൃഗങ്ങളും ഒന്നും ചെയ്യില്ല എന്ന്. പക്ഷേ മുതലാളി കാണിച്ച കാരുണ്യത്തിനു അവർ

നൽകിയത് ഇങ്ങനെയായിരുന്നു. ആ കള്ളന്മാരുടെ ദേഹത്ത് കയറി അവർ ആക്രമിച്ചു. മുതലാളി ഉണരുകയും ചെയ്തു. എന്നിട്ട് ആ കള്ളന്മാരെ പോലീസിൽ ഏല്പിച്ചു. ഇളയ സഹോദരന്റെ വീട്ടിൽ ചെന്ന് ഇന്നലെ മോഷണത്തെക്കുറിച്ചു മൂത്ത സഹോദരൻ പറഞ്ഞു,ഇളയ സഹോദരന്റെ മറുപടി ഇങ്ങനെയായിരുന്നു. എന്റെ മൃഗങ്ങൾക്കു എന്നോട് സ്നേഹമില്ലാതിരുന്നിട്ടാണ് എന്റെ വീട്ടിൽ അവർ മോഷ്ടിച്ചത്. മൂത്ത സഹോദരൻ പറഞ്ഞു : അങ്ങനെയൊന്നുമില്ല നീ നിന്റെ മൃഗങ്ങളോട് കരുണ കാണിക്കാത്തതുകൊണ്ടാണ് അവർ നിനക്ക് തിരിച്ചുതരാതിരുന്നത്. ഒന്നും പറയാൻ കഴിയാതെ ഇളയ സഹോദരൻ തല കുനിച്ചുനിന്നു.

ഗുണപാഠം-'മൃഗങ്ങളെ ശിക്ഷിക്കരുത്. അവർക്കു സ്നേഹം അങ്ങോട്ട് കൊടുത്താലേ തിരിച്ചിങ്ങോട്ടും കിട്ടൂ'

# പുസ്തകമേള





തിരൂർക്കാട് എ.എം.ഹൈസ്ക്കൂൾ വിദ്യാരംഗം കലാ സാഹിത്യ വേദി ശക്തി ബുക്സിന്റെ  സഹകരണത്തോടെ സംഘടിപ്പിച്ച ത്രിദിന പുസ്തകോത്സവം സ്കൂൾ പ്രിൻസിപ്പാൾ ഡോ.അബ്ദുൽ അസീസ് പുല്ലോട്ട് ഡോ.കെ.പി ശംസുദ്ദീൻ തിരൂർക്കാടിന് പുസ്തകം നല്കി ഉദ്ഘാടനം ചെയ്യുന്നു. സ്കൂൾ ഹെഡ്മാസ്സ്റ്റർ കെ.ടി. സലീം,എൻ ഉഷേന്ദ്രൻ,മൊയ്തീൻ കുട്ടി മാസ്റ്റർ,ഉസ്മാൻ താമരത്ത്,പ്രദീപ് മാസ്റ്റർ, എന്നിവർ പ്രസംഗിച്ചു

# ദി ആൽകെമിസ്റ്റ്

**പുസ്തക പരിചയം** -മുഹമ്മദ് സഫീർ ടീ.കെ- 9.B

മൂന്ന് പതിറ്റാണ്ടുകളായി ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു നോവലാണ് ബ്രസീലുകാരൻ പൗലോ കൊയ് ലോ രചിച്ച "ദി ആൽകെമിസ്റ്റ്".


മുപ്പതോളം ഗ്രന്ഥങ്ങൾ രചിച്ച പൗലോ കൊയ് ലോ ക്ക് ആഗോളതലത്തിൽ ഖ്യാതി നേടികൊടുത്തത് ദി ആൽകെമിസ്റ്റ് ആണ്. 67 ഭാഷകളിലായി ആറര കോടി കോപ്പികൾ വിറ്റഴിച്ച ഈ ഗ്രന്ഥം ഒരു പ്രചോദനാത്മക ഗ്രന്ഥം എന്ന പേരിലാണ് അറിയപ്പെടുന്നത്.തീവ്രമായി ആഗ്രഹിക്കുന്ന കാര്യത്തിനായി ഇറങ്ങിപുറപ്പെട്ടാൽ ഈ പ്രപഞ്ചം പോലും സ്വപ്ന സാക്ഷാത്ക്കാരത്തിനായി നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന് മൂലാശയത്തിലൂന്നിയാണ് ഈ നോവൽ വികസിക്കുന്നത്. ഇടയ ബാലനായ സാന്റിയാഗോ താൻ സ്വപനത്തിൽ ദർശിച്ച നിധി തേടി സ്പെയ്നിൽ നിന്നും ഈജിപ്പ്തിലേക്ക് യാത്ര ചെയ്യുന്നു.




യാത്രക്കിടയിൽ കണ്ടുമുട്ടുന്ന വ്യത്യസ്തരായ വ്യക്തികളിൽ നിന്നും ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും സാന്റിയാഗോയ്ക്ക് പുതിയ ജീവിതവീക്ഷണങ്ങളും കാഴ്ച്ചപ്പാടുകളും സമ്മാനിക്കുന്നു.

ഒരു വ്യക്തിയിൽ ഉണ്ടാകുന്ന മാനസിക പരിവർത്തനങ്ങളും ക്രമാനുകതമായി അവതരിപ്പിക്കുന്നതിനു സാന്റിയാഗോ

എന്ന കഥാപാത്രത്തെ പൗലോ കൊയ് ലോ സമർത്ഥനായി ഉപയോഗിക്കുന്നു.
സാന്റിയാഗോ കണ്ടുമുട്ടി പരിചയപ്പെട്ട വൃദ്ധനായ രാജാവും ഭാഗ്യാന്വേഷിയായ



ഇംഗ്ലീഷുകാരനും,അറബിപെൺകുട്ടിയും ആൽകെമിസ്റ്റുമെല്ലാം പങ്കുവെച്ച ജീവിത യാഥാർത്ഥ്യങ്ങളാണു വായനക്കാരെ പ്രചോദിതരാക്കുന്നത്.
ഹൃദയത്തിൽ താലോലിക്കുന്ന സ്വപനങ്ങളെ പിന്തുടരുന്നവർക്ക്
ഈ ഉപദേശങ്ങൾ ഒരു മാർഗ രേഖയാണ് .
ലോകത്തിലെ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന നോവലിസ്റ്റാണ് പൗലോ കൊയ് ലോ
ഓരോ അന്വേഷണങ്ങളാണ് അദ്ദേഹത്തിൻെറ കൃതികൾ .
തത്വങ്ങൾ അദ്ധേഹം ലളിതമായി അവതരിപ്പിക്കുന്നു.
ജീവിതത്തെ കുറിച്ചും അസ്തിത്വത്തെക്കുറിച്ചും പ്രതീകഭാഷയിൽ അദ്ദേഹത്തിൻെറ കൃതികൾ സംസാരിക്കുന്നുണ്ട്. ഏത് പ്രതിസന്ധിയിലും ഈശ്വരൻ നമ്മെ കൈവിടില്ലെന്ന വിശ്വാസം മുറുകെ പിടിക്കാൻ അദ്ധേഹത്തിൻെറ കൃതികൾ പ്രേരിപ്പിക്കുന്നു

--------------------------------

# ഇവർ എ.എം.എച്ച്.എസ്.എസിന്റെ മിന്നും താരങ്ങൾ



സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ പ്രവൃത്തിപരിചയ മേളയിൽ എ ഗ്രേഡ് നേടിയ തിരൂർക്കാട് എ.എം ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ: 1. സി.എച്ച്. നാജിഹ് (എച്ച്.എസ്.എസ് ചന്ദനത്തിരി നിർമാണം), 2. ലിന ഹുസൈൻ (എച്ച്.എസ് പാവ നിർമാണം), 3. ഹയ അൻവർ (ചെലവ് കുറഞ്ഞ പോഷകാഹാര നിർമാണം)


BE YOU
POWERSLIDE
POWERSLIDE
RANA THOUFEEQ
Inline Roller Scating 500 meter, 1000 meter One lap

# നിഴലുകൾ

**കഥ**



പ്രദീപ്.പിആർ. എച്ച്.എസ്.എ ഹിന്ദി

നിഴലുകൾ കറുത്തവയാണ്. പക്ഷെ ശീതളമാണ്. പലരും അവ ഇരുട്ടിൻെറ പ്രതീകമാണെന്നൊക്കെ പറയും. എന്തായാലും ഞാനതിനെ ഇഷ്ടപ്പെട്ടുവരുന്നു. കറുപ്പ് നിറത്തിലുള്ള സ്ത്രീ ആയിരുന്നു എൻെറ അമ്മ. ആ അമ്മയുടെ നിഴലിലാണ് ഞാൻ വളർന്നത്. വെയിലിൻെറ വെളിച്ചം സത്യത്തെ പ്രതിഫലിപ്പിക്കുന്നു. വെയിലിൻെറ, സത്യത്തിൻെറ വെളിച്ച ത്തിലായിരുന്നു വർഷങ്ങൾക്കുമുമ്പ് എൻെറ അമ്മ നിശ്ചേഷ്ടയായി കിടന്നത്. ഒരു ഉച്ചവെയിലത്ത് റോഡിൽ അമ്മ മരിച്ചുകിടന്നു. സത്യത്തിൻെറ കാവലാളായ ഒരുവക്കീൽ കോടതിയിൽ തൻെറ സത്യം വെളിപ്പെടുത്താൻ ധൃതിപിടിച്ച് തൻെറ വാഹനം ഓടിച്ച് പോകുകയായിരുന്നുവത്രെ. ആളുകൾ അതിനെ വാഹനാപകടം എന്ന് വിളിച്ചു. അന്നുമുതൽ ഞാൻ അനാഥത്വമെന്ന, ഞാനിഷ്ടപ്പെടാത്ത സത്യം അനുഭവിക്കുന്നു. ഇന്നും വെയിലിൻെറ ആ സത്യത്തിനിടയിൽ ഞാൻ നിഴലുകളെ തിരയുന്നു. എന്തെന്നാൽ സ്നേഹത്തിന്റെ ആ കറുത്ത തണൽ ഞാൻ ഇഷ്ടപ്പെടുന്നു. വെളിച്ചത്തിന്റെ സത്യത്തിൽ പലപ്പോഴും ഭീകരതകൾ ഭയങ്കരരൂപത്തിൽ ചിരിക്കുന്നു. സ്നേഹത്തിന്റെ കറുത്ത തണലുകൾ തേടി ഞാൻ യാത്ര ചെയ്യുന്നു.

# വയർ

## കഥ

ടിം...ടിം... ശബ്ദം കേട്ട് പുതപ്പിനുള്ളിൽ നിന്ന് തലപ്പൊക്കിനോക്കി സമയം 6.30 ആയിട്ടുണ്ടല്ലോ ശ്ശൊ...നല്ല തണുപ്പ്. ഞാൻ വീണ്ടും തലവഴി പുതപ്പിട്ടു മൂടി കിടന്നു. അതിനിടയിൽ മൺകലം കമിഴത്തിയതു പോലെയുള്ള തന്റെ വയറൊന്നു തടവി ഓ.... ഇതിത്ര കൂട്ടതലൊന്നുമല്ല ഇതിലേറെ എത്രപേർക്ക് താൻ കണ്ടിട്ടുണ്ട് എന്ന് സ്വയം ആശ്വാസം കണ്ടെത്തി .



ദേ...മനുഷ്യാ...എണീറ്റേ... കുഴിമടിയൻ കിടന്നുറങ്ങുന്നത് കണ്ടില്ലേ... സമയം ഒരുപാടായി ... എന്റെ വിധി അല്ലാതെന്തു പറയാൻ.

നീ എന്തിനാ കിടന്നു കാറുന്നത്!.

സമയം എത്രയായെന്നാ വിചാരം കിടക്കുന്ന കിടപ്പ് കണ്ടില്ലേ...

അവൾ പിറുപിറുത്തു. നിങ്ങൾ ദിവസവും ഓടിയാലെ ഈ കുംഭ കുറയുകയുള്ളു. ചുമ്മാ കിടന്നാൽ താനെ ഇല്ലാണ്ടാവില്ല... എടീ




പെരുവയറു തറവാടിന്റെ അടയാളമാ... അറിയോ നിനക്ക് ...

ഓ പിന്നെ...കാണുന്നതൊക്കെ വലിച്ചു വാരി തിന്നിട്ട് പറയുന്ന ന്യായം കണ്ടില്ലെ... കഷ്ടം... എന്തായാലും വേണ്ടില്ല. ക്ലബിലെ അടുത്ത ഫാഷൻ വരുമ്പോഴേക്കും നിങ്ങൾ അനിലിന്റെയും ജലീലിന്റെയും പോലെ ആകണം.

അല്ലെങ്കിൽ... ഈ റാണി നിങ്ങളോടൊപ്പം ഈ വീടിന്റെ പടിക്ക്പുറത്തിറങ്ങില്ല...പറഞ്ഞേക്കാം!
എടീ എനിക്ക് ഞാനാവാനല്ലെ പറ്റുള്ളൂ... അവർക്ക് വയറില്ലാന്നേയുള്ളൂ ഞാൻ സുന്ദരൻ...ഓ...ഓടിയേച്ചും വരാം. അവൾ പറയുന്നതിലും കാര്യമുണ്ട്. ഈ പെരുവയർ ഒരു ശാപം തന്നെയാ...
നിരത്തിലിറങ്ങി ഓടാൻ തുടങ്ങി. വഴി വക്കിലെ കാഴ്ച്ചകൾ എനിക്ക് കൗതുകകരമല്ല . വീട്ടിലേക്ക് തിരിച്ചുള്ള ഓട്ടത്തിനിടയിൽ ഞാനോർത്തു ദിവസവും രണ്ട് പ്രാവശ്യം ഞാനീ വഴി കടന്നു പോകുന്നുണ്ട്. ഒന്ന് രാവിലെ വ്യായാമത്തിനും രണ്ട് അൽപം കഴിഞ്ഞ് വെൽ ഡ്രസ്സ്ട് ആയി കാറിൽ ഓഫിസിലേക്കും ഓരോന്ന് ചിന്തിച്ചങ്ങനെ ഓടുന്നതിനിടയിൽ കണ്ട കാഴ്ച്ച എന്റെ വേഗത കുറച്ചു . ആകെ മുഷിഞ്ഞ് ജഡ പിടിച്ച ഒരു വൃദ്ധനും രണ്ടു കുട്ടികളും ... അവരും ഓടുകയാണ് ... പക്ഷെ അതൊന്നും വയറുകുറക്കാനല്ലായെന്ന് അവരുടെ ശരീരപ്രകൃതി പറയുന്നുണ്ട്. നഗരത്തിലെ മാലിന്യകുമ്പാരത്തിനടുത്തെത്തിയപ്പോൾ ആ വൃദ്ധന്റെ മുഖത്ത് ഒരു പുഞ്ചിരിവിടർന്നു. അയാൾ ഒരു കവർ നിലത്ത് വിരിച്ച് ആ കുമ്പാരത്തിൽനിന്നും രാത്രി ഹോട്ടലുകളിൽ നിന്ന് ഒഴിവാക്കിയ ഭക്ഷണാവശിഷ്ടങ്ങൾ പെറുക്കിയെടുത്ത് റോഡരികിൽ ഇരുന്ന് അവർ മൂന്നുപേരും അത് ആർത്തിയോടെ കഴിച്ചു.

അൽപസമയത്തിനുള്ളിൽ നഗരസഭയുടെ ലോറി അവിടെയെത്തുകയും ആ മാലിന്യകുമ്പാരം നിറച്ച് അത് ചീറിപ്പായുകയും ചെയ്തു. അപ്പോഴേക്കും ആ പൊതിയിലെ ഭക്ഷണവും കഴിച്ചവർ അടുത്ത ലക്ഷ്യത്തിലേക്ക് അലയാൻ തുടങ്ങി. ഇതെല്ലാം കണ്ടുനിന്ന ഞാൻ ഒരു നിമിഷം ചിന്തിച്ചു. എല്ലാവരുടെയു ജീവിതപ്രശ്നം വയറാണ്. ചിലർ നിറക്കാനോടുന്നു. ചിലരത് കുറക്കാനോടുന്നു. രണ്ടും നമ്മുടെ ഇന്ത്യാമഹാരാജ്യത്തുതന്നെ.


കണ്ണുനീർ

# ഏകാന്ത ചിന്ത

***കവിത***


***ഏകാന്തത എനിക്കു നല്കിയത് ചിന്തയെന്ന***
***രണ്ടക്ഷരം മാത്രം***
***ഒരുപാടുനേരം എനിക്കു കൂട്ടേകാൻ അവനായി***
***ഞാൻ മറ്റൊരു ലോകത്തിലെത്തിയോ***
***അതോ അതന്റെ ചിന്തയോ***
***ആർക്കുമെന്നെ പരിചയമില്ലെന്ന***
***കാരണത്താൽ സ്വതന്ത്ര്യയാണവിടെ ഞാൻ എന്റെ ലോകം***
***ഞാൻ***
***തന്നെ പണിതിരിക്കുന്നു***
***ഇവിടെ ഏകനല്ല ഞാൻ എങ്കിലുമെനിക്ക്***
***തുണയ്ക്കാരുമില്ലതാനും***
***പുതുമുഖങ്ങൾ പുതുശബ്ദങ്ങൾ***
***എന്റെ ചിന്ത വഴികളിൽ നിന്ന് വഴികൾ***
***തേടുന്നു ഒരു വൃക്ഷത്തിൻ ശിഖപോലെ***
***ഒന്നിൽനിന്നൊന്നിൽ നിന്ന് പലതിലേക്കായ്***

***-അർച്ചന.ടി-***
***IX F***

# വിടരും മുമ്പേ കൊഴിഞ്ഞ പൂമൊട്ട്

*കവിത*

*ആയിരം കിനാവിൻെറ*
*പുഞ്ചിരിപ്പൂന്തേൻ പേറി*
*വിടരാൻ കൊതിച്ചു നീ*
*സൗരഭം പരത്തുവാൻ*
*വിടരും മുമ്പേ വിട*
*പറയാൻ കഴിഞ്ഞ നിൻ*
*ജീവിതം മഹാധന്യം......!*
*പാവനം പരമശ്രേഷ്ഠം......!*
*ക്രൂരമാം വിധിയായി നീ*
*ദുർഗ്ഗതിയോ അറിയില്ല.*
*നിൻ മൃതുവേ സ്മരിക്കും*
*സന്ദർഭം എൻ ഹൃത്തടം*
*ആരെയും വെറുപ്പിക്കാതെയും*
*നോവിക്കാതെ ഏവും*
*ദു:ഖിക്കുമാരോമലേ നീ പോയല്ലോ....*
*നിനക്കായി നൽകുവാൻ*
*കണ്ണിലൂറും രണ്ടിറ്റ് കണ്ണുനീരല്ലാതില്ല*
*സ്വന്തമായി എനിക്കൊന്നും.....!*



*തമന്ന യാസ്മിൻ. ഇ*
**V-E**



നിഹാൽ
IX E

# പ്രകൃതി ദുരന്തം

## *കവിത*

*കേൾക്കുക നിങ്ങൾ കുട്ടികളേ*
*നോക്കുക നമ്മുടെ ചുറ്റെങ്ങും*
*വെട്ടി നിരത്തിയ കുന്നിൻ മുകളിൽ*
*കൂറ്റൻ കെട്ടിടമുയരുന്നു*
*യന്ത്രം വന്നു മണ്ണുകൾ നീക്കി*
*വയലുകളങ്ങനെ നികത്തുന്നു...(2)*
*കാടുകൾ വെട്ടി മരങ്ങൾ മുറിക്കും*
*ക്രൂരത കാട്ടിയും മർത്യന്മാർ*
*പുഴകളിൽ നിന്ന് മണൽവാരുന്നു*
*പുഴയൊ വറ്റി വരണ്ടല്ലോ........(2)*
*കുന്നുകൾ നാട്ടിൽ മരിക്കുന്നു*
*കാടുകൾ അനുദിനം മരിക്കുന്നു*
*വയലുകൾ പുഴകൾ മരിക്കുന്നു.*
*പ്രകൃതി ദിനവും മരിക്കുന്നു....(2)*
*പഴം കഥയായ് മാറുകയോ*
*വരും തലമുറക്കിവയെല്ലാം*
*ഓർക്കുക നിങ്ങൾ കുട്ടികളേ*
*കാണുക വന്നി കാഴ്ചകളും ...(2)*
*നമ്മുടെ ജീവൻ നിലനിൽക്കാൻ*
*പ്രകൃതി നമുക്കനിവാര്യം*

*നിദ.ഐ*
*5.B*




ജില്ലാതല അത്‌ലറ്റിക്ക് മീറ്റിൽ 3000 മീറ്റിൽ ഒന്നാം സ്ഥാനംനേടിയ ഹനീന

# ചാറ്റൽ മഴ


## കവിത

ചില മനുഷ്യരുണ്ട്
ചാറ്റൽ മഴയെപ്പോലെയാണ്
അവൾ ആരോടും മിണ്ടാറില്ല
പക്ഷേ ചില സന്ദർഭത്തിൽ
അവരുടെ ഒരു വാക്കോ
ഒരു പുഞ്ചിരിയോ മതി
ഏത് പ്രശ്നവും പരിഹരിക്കാൻ
പക്ഷേ അവർ എപ്പോഴും
കൂടെ ഉണ്ടാവണമെന്നില്ല.
ചാറ്റൽ മഴയെപ്പോലെ.....



നിഹാൽ

9.e


നല്ല നാളേക്കായ്...

# മാതൃസ്നേഹം

## കവിത

*മാതൃസ്നേഹത്തിൻെറ മുന്നിലെന്നും*
*കൂപ്പുന്നു ഞാനെൻ കരങ്ങൾ*
*അമ്മതൻ സ്നേഹമാണെങ്കിലും*
*ഓർത്തില്ലിന്നു നാം ജനനസിയാം*
*അമ്മതൻ നൊമ്പരത്തെ*
*അമ്മിഞ്ഞപ്പാലു നുകർന്നൊരാ*
*കുഞ്ഞിലെ ഓർമ്മകൾ*
*എന്തേ കൈ വിട്ടുപോയോ?*
*ആഴക്കടലുപോൽ*
*അമ്മതൻ സ്നേഹം*
*ഏറ്റവും മഹനീയമായതെന്ന്*
*വറ്റി വരളുകല്ലൊരുനാളിലും*
*അമ്മതൻ ഉള്ളം പിടഞ്ഞു*
*നൊന്താൽ*
*നമ്മൾ മക്കൾക്കാനൊമ്പരം*
*തിരിച്ചുകിട്ടും*
*നമ്മളിന്നും ഒരുനേരമെങ്കിലും*
*അറിയാതെ പോകയോ*

*സഫ.പി*
V B




ജില്ലാതല അത്‌ലറ്റിക് മീറ്റിൽ 3000 മീറ്ററിൽ ഒന്നാം സ്ഥാനംനേടിയ നിഹാൽ



# ലിറ്റിൽ കൈറ്റ്സ് അനിമേഷൻ പരിശീലനത്തിൽ നിന്ന്

# രാജുവും വിനുവും

<u>കഥ</u> -സഫ.പി- 5.ബി

രണ്ട് കുട്ടികൾ ഒരു ചെറിയ വീട്ടിലാണ് താമസിച്ചിരുന്നത്. അവരുടെ പേരാണ് രാജുവും വിനുവും. രണ്ടുപേരും രണ്ടാം ക്ലാസ്സിലായിരുന്നു. ഒരു ദിവസം ഇവർ രണ്ട് പേരും സ്കൂളിലേക്ക് പോവുകയായിരുന്നു. രാജു നല്ല സന്തോഷത്തിലായിരുന്നു. കാരണം അവരുടെ സ്കൂളിൽ കലോത്സവമായിരുന്നു. വിനുവിന് ഒരു പരിപാടിയുണ്ടായിരുന്നു. രാജു വിനും ഒരുപരിപാടിയുണ്ടായിരുന്നു. രാജുവും വിനുവും അവരുടെ പരിപാടികൾ അവതരിപ്പിച്ചു. അവർക്കായിരുന്നു ഫസ്റ്റ്. അവർക്ക് നിറയെ കപ്പും സമ്മാനങ്ങളും ലഭിച്ചു. വീട്ടിലേക്ക് പോകുന്ന വഴിയിൽ രാജുപറഞ്ഞു. ഈ വലിയ കപ്പ് എനിക്കാണ്. അല്ല സാർ എനിക്കാണ് അത് തന്നത്. അവർ വഴിയിൽ വെച്ച് തല്ല്കൂടി. പെട്ടന്ന് അവരുടെ കപ്പ് കയ്യിൽ നിന്ന്

താഴെ വീണ് പൊട്ടി. വിനുപറഞ്ഞു ഈ കപ്പ് നമ്മുടെ രണ്ടാളുടെയും ആണ്. രാജുകരഞ്ഞു. അവർ വീട്ടിലേക്ക് പോയി. അമ്മയോട് എല്ലാകാര്യങ്ങളും പറഞ്ഞു. നിങ്ങൾ പോയി കുളിച്ചുവരൂ എന്ന് അമ്മ പറഞ്ഞു. അവർ കുളിച്ചുവന്നു. അവരുടെ അമ്മ സമ്മാനം ലഭിച്ചതിൽ അവരെ ആശംസിച്ചു. പിന്നീട് ഒരു സാധനം അവർക്ക് കൊടുത്തു. അത് അവരുടെ പൊട്ടിയ

കപ്പായിരുന്നു. അവരുടെ അമ്മ അവർക്ക് ആ കപ്പ് ഒട്ടിച്ച് കൊടുത്തു. അവർക്ക് ചായ കൊടുത്തു. എന്നിട്ട് ഹോംവർക്ക് ചെയ്തിട്ട് ഉറങ്ങാൻ പോയി. പിറ്റേ ദിവസം രാവിലെ അവർ സകൂളിൽ പോയി. അവിടെ ചെന്നപ്പോൾ ടീച്ചർ കൈ നിറയെ സമ്മാനങ്ങൾ നൽകി. അവർ വീട്ടിലേക്ക് മടങ്ങുമ്പോൾ പറഞ്ഞു. ഇനി എല്ലാം നമ്മുടെതാണ്. നിൻേത് എനിക്കും എൻേറത് നിനക്കും.

------------------------------

# നന്ദി

be digital
save trees

# നവ വാത്മീകം

## ഡിജിറ്റൽ മാഗസിൻ

AMHSS
THIRURKAD